**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3345** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റലിനായി കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽകാലികാടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചു വിട്ടത് ഭൂമി തരംമാറ്റൽ നടപടികളുടെ വേഗതയെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. 01/09/2023 തീയതിയിലെ സ.ഉ. (കൈ) നമ്പർ 206/2023/ആർ.ഡി ഉത്തരവ് പ്രകാരം 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലർക്കുമാരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും, തുടർന്ന് പ്രസ്തുത ജീവനക്കാരെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ജോലികൾക്കായി വിന്യസിക്കുകയും ചെയ്ത സാഹചര്യത്തിലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ ചുമതലയേറ്റവരെ അവരുടെ കാലാവധി പൂർത്തിയായ ശേഷം പിരിച്ച് വിട്ടത് എന്നതിനാൽ ആയത് ഭൂമി തരംമാറ്റൽ നടപടികളുടെ വേഗതയെ ബാധിച്ചിട്ടില്ല. |
| (ബി) | ഫോറം നം.6 മുഖേന ഭൂമി തരംമാറ്റലിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരുടെ റിപ്പോർട്ട് സഹിതം സമർപ്പിച്ച എത്ര അപേക്ഷകൾ പരിശോധിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല/ആർ.ഡി.ഒ. അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (ബി) | വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ വന്നതിനുശേഷം ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഫീസിനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | ഈ സർക്കാർ വന്നതിന് ശേഷം ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഫീസിനത്തിൽ 2021-2022 സാമ്പത്തിക വർഷം മുതൽ 2024 നവംബർ മാസം വരെ 1166,95,15,048/- (ആയിരത്തിഒരുന്നൂറ്റിഅറുപത്തിയാറ് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി പതിനയ്യായിരത്തി നാൽപ്പത്തിയെട്ട് രൂപ) രൂപ ലഭ്യമായിട്ടുണ്ട്. ടി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് വന്നിട്ടുള്ളത്. ആയതിനാൽ ജില്ലാ അടിസ്ഥാനത്തിൽ കണക്ക് ലഭ്യമല്ല. 2024 ഡിസംബർ, 2025 ജനുവരി എന്നീ മാസങ്ങളിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയവുമായി അനുരഞ്ജനം ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഭൂമി തരംമാറ്റലിനായി ശ്രീ.ചക്കാല സൈതലവി കോഴിക്കോട് ആർ.ഡി.ഒ.യ്ക്ക് റവന്യൂ വകുപ്പ് മന്ത്രി മുഖേന സമർപ്പിച്ച 16.01.2023-തീയതിയിലെ 5/2023/1593 നമ്പർ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത അപേക്ഷ പരിശോധിക്കാൻ അകാരണമായ കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ശ്രീ. ചക്കാല സൈതലവി കോഴിക്കോട് ആർ.ഡി.ഒ. യിൽ സമർപ്പിച്ചിരുന്ന 05/2023/15393 നമ്പർ ഫോറം 6 അപേക്ഷയിൽ 19/08/2024-ാം തീയതി സ്വഭാവവ്യതിയാനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിന് അകാരണമായ കാലതാമസം നേരിട്ടിട്ടില്ല. |
| (ഇ) | 2023 ജനുവരി 01 മുതൽ ജൂലായ് 31 വരെ ഭൂമി തരംമാറ്റലിനായി കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫിസിൽ ലഭിച്ച മുഴുവൻ അപേക്ഷകളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ബുക്കിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ? | (ഇ) | ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ഓൺലൈൻ അപേക്ഷകളുടെ മുഴുവൻ വിവരങ്ങളും ReLIS പോർട്ടലിൽ ലഭ്യമാകുന്നതിനാൽ പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ച് വരുന്നില്ല. 2023 ജനുവരി 01 മുതൽ ജൂലായ് 31 വരെയുള്ള അപേക്ഷകളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.206/2023/RD തീയതി,തിരുവനന്തപുരം, 01-09-2023

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, **2008**-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന **140 സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി, ദിവസവേതന അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം...........................പ്രകാരം)
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

**അനുബന്ധം**

| **ജില്ല** | **ആർ.ഡി.ഒ/ഡെപ്യൂട്ടി കളക്ടർ** | **അന്തിമ ഉത്തരവിനായി ആർ.ഡി.ഒ/ഡെപ്യൂട്ടി കളക്ടർ ലോഗിനിൽ അവശേഷിക്കുന്ന ഫയലുകളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം (നെയ്യാറ്റിൻകര) | 14 |
| | നെടുമങ്ങാട് (നെടുമങ്ങാട്) | 17 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., തിരുവനന്തപുരം (ചിറയിൻകീഴ്) | 5 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., തിരുവനന്തപുരം (വർക്കല) | 10 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., തിരുവനന്തപുരം (കാട്ടാക്കട) | 35 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., തിരുവനന്തപുരം (തിരുവനന്തപുരം) | 84 |
| | **ആകെ** | 165 |
| കൊല്ലം | കൊല്ലം (കൊല്ലം) | 323 |
| | പുനലൂർ (പത്തനാപുരം, പുനലൂർ) | 31 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., കൊല്ലം (കൊട്ടാരക്കര) | 52 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., കൊല്ലം (കരുനാഗപ്പള്ളി) | 8 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., കൊല്ലം (കുന്നത്തൂർ) | 0 |
| | **ആകെ** | **414** |

| | | |
|---|---|---|
| പത്തനംതിട്ട | അടൂർ (അടൂർ) | 21 |
| | തിരുവല്ല (തിരുവല്ല) | 56 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., പത്തനംതിട്ട (റാന്നി) | 0 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., പത്തനംതിട്ട (കോഴഞ്ചേരി) | 0 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., പത്തനംതിട്ട (മല്ലപ്പള്ളി) | 1 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., പത്തനംതിട്ട (കോന്നി) | 4 |
| | **ആകെ** | **82** |
| ആലപ്പുഴ | ചെങ്ങന്നൂർ (ചെങ്ങന്നൂർ) | 124 |
| | ആലപ്പുഴ (കുട്ടനാട്) | 9 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., ആലപ്പുഴ (അമ്പലപ്പുഴ) | 0 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., ആലപ്പുഴ (മാവേലിക്കര) | 0 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., ആലപ്പുഴ (കാർത്തികപ്പള്ളി) | 0 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., ആലപ്പുഴ (ചേർത്തല) | 27 |
| | **ആകെ** | **160** |
| കോട്ടയം | കോട്ടയം (കോട്ടയം) | 21 |
| | പാലാ (വൈക്കം) | 4 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., കോട്ടയം (കാഞ്ഞിരപ്പള്ളി) | 1 |

| | | |
|---|---|---|
| | | |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., കോട്ടയം (ചങ്ങനാശ്ശേരി) | 291 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., കോട്ടയം (മീനച്ചിൽ) | 5 |
| | **ആകെ** | **322** |
| ഇടുക്കി | ഇടുക്കി (തൊടുപുഴ) | 51 |
| | ദേവികുളം (ദേവികുളം, ഉടുമ്പഞ്ചോല) | 26 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., ഇടുക്കി (ഇടുക്കി) | 0 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., ഇടുക്കി (പീരുമേട്) | 26 |
| | **ആകെ** | **103** |
| എറണാകുളം | മൂവാറ്റുപുഴ (കോതമംഗലം, മൂവാറ്റുപുഴ) | 24 |
| | ഫോർട്ട്കൊച്ചി (കൊച്ചി) | 71 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., എറണാകുളം (കുന്നത്തുനാട്) | 2 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., എറണാകുളം (കണയന്നൂർ) | 120 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., എറണാകുളം (ആലുവ) | 2 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., എറണാകുളം (പറവൂർ) | 12 |
| | **ആകെ** | **231** |
| തൃശ്ശൂർ | തൃശ്ശൂർ (ചാവക്കാട്) | 8 |

| | | |
|---|---|---|
| | ഇരിഞ്ഞാലക്കുട (മുകന്ദപുരം, കൊടുങ്ങല്ലൂർ) | 60 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., തൃശ്ശൂർ (കുന്നംകുളം) | 9 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., തൃശ്ശൂർ (തൃശ്ശൂർ) | 4 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., തൃശ്ശൂർ (ചാലക്കുടി) | 14 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., തൃശ്ശൂർ (തലപ്പിള്ളി) | 10 |
| | **ആകെ** | **105** |
| പാലക്കാട് | പാലക്കാട് (പാലക്കാട്) | 154 |
| | ഒറ്റപ്പാലം (ഒറ്റപ്പാലം, ആട്ടപ്പാടി ട്രൈബൽ) | 6 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., പാലക്കാട് (പട്ടാമ്പി) | 51 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., പാലക്കാട് (ചിറ്റൂർ, മണ്ണാർകാട്) | 33 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., പാലക്കാട് (ആലത്തൂർ) | 6 |
| | **ആകെ** | **250** |
| മലപ്പുറം | തിരൂർ (തിരൂർ) | 53 |
| | പെരിന്തൽമണ്ണ (പെരിന്തൽമണ്ണ) | 85 |
| | ഡെപ്യൂട്ടി കളക്ടർ എൽ. ആർ., മലപ്പുറം (ഏറനാട്) | 6 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., മലപ്പുറം (പൊന്നാനി) | 5 |

| | | |
|---|---|---|
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., മലപ്പുറം (തിരൂരങ്ങാടി) | 73 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., മലപ്പുറം (നിലമ്പൂർ, കൊണ്ടോട്ടി) | 36 |
| | **ആകെ** | **258** |
| കോഴിക്കോട് | കോഴിക്കോട് (താമരശ്ശേരി) | 0 |
| | വടകര (വടകര) | 50 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., കോഴിക്കോട് (കോഴിക്കോട്) | 0 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., കോഴിക്കോട് (കൊയിലാണ്ടി) | 32 |
| | **ആകെ** | **82** |
| വയനാട് | മാനന്തവാടി (മാനന്തവാടി) | 3 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., വയനാട് (സുൽത്താൻ ബത്തേരി) | 0 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., വയനാട് (വൈത്തിരി) | 2 |
| | **ആകെ** | **5** |
| കണ്ണൂർ | തലശ്ശേരി (തലശ്ശേരി) | 31 |
| | തളിപ്പറമ്പ് (തളിപ്പറമ്പ്) | 5 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., കണ്ണൂർ (കണ്ണൂർ) | 384 |
| | ഡെപ്യൂട്ടി കളക്ടർ എൽ.എ., കണ്ണൂർ (ഇരിട്ടി) | 7 |
| | ഡെപ്യൂട്ടി കളക്ടർ ഡി. എം., കണ്ണൂർ (പയ്യന്നൂർ) | 12 |

| | | |
|---|---|---|
| | **ആകെ** | **439** |
| കാസർഗോഡ് | കാഞ്ഞങ്ങാട് (ഹോസ്ദുർഗ്) | 65 |
| | കാസർഗോഡ് (കാസർഗോഡ്) | 1 |
| | ഡെപ്യൂട്ടി കളക്ടർ ആർ. ആർ., കാസർഗോഡ് (മഞ്ചേശ്വരം) | 0 |
| | ഡെപ്യൂട്ടി കളക്ടർ എൽ. എ., കാസർഗോഡ് (വെള്ളരികുണ്ട്) | 1 |
| | **ആകെ** | **67** |

# അനുബന്ധം 2

| Tharammattam - Online application disposal progress from 01.01.2023 to 31.07.2023 | | | |
|---|---|---|---|
| **District** | **RDO Office Name ( Allotted Taluks)** | **No of Applications Received** | **No of Application Disposal** |
| Kozhikode | RDO Kozhikode Thamarassery | 730 | 132 |
| | RDO Vadakara (Vadakara) | 1354 | 725 |
| | Deputy Collector R R Kozhikode (Kozhikode) | 5622 | 1821 |
| | Deputy Collector DM Kozhikode (Koyilandy) | 2944 | 1911 |
| **Total** | | **10650** | **4589** |